# അക്കാദമിക മാസ്റ്റർപ്ലാൻ

ഗവ.ഐ.ടി.ഇ. നെയ്യാറ്റിൻകര

2025-'26

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാവിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക, എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ കൈവരിക്കുക എന്നി ഇടപെടലുകളാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പഠനപ്രവർത്തനങ്ങൾ ശിശുസൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു.

## ലക്ഷ്യങ്ങൾ

എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.

സ്വന്തം ആശയങ്ങൾ ലഘുവാക്യങ്ങളിൽ എഴുതുന്നതിനും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരുമാക്കുക.

പല തരത്തിലുള്ള പതിപ്പുകൾ, വായനക്കാർഡുകൾ ഇവ രൂപപ്പെടുത്തുക.

സ്വന്തമായി ഡയറി എഴുതുക.

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുക.

അടിസ്ഥാന ഭാഷാശേഷി വികസിപ്പിക്കുക.

ലേഖനമികവ് വരുത്തുക.

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.

ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കുക.

ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരം ഒരുക്കുക.

ആശയമറിഞ്ഞ് ഒഴുക്കോടെ വായിക്കുക.

തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി വികസിപ്പിക്കുക.

കളിയിലൂടെ ഗണിതം ലളിതമാക്കുക.
ഗണിത ചിന്താശേഷി വളർത്തുക.
ഗണിത ചതുഷ്ക്രിയകൾ ഉറപ്പിക്കുക.
ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുക.
ശാസ്ത്രാവബോധം വളർത്തുക.
ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം വളർത്തുക.
നിരീക്ഷണങ്ങളിലൂടെ അറിവ് നിർമ്മിക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| വായന | ചിത്ര വായന<br>വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുന്നു.<br>വായനാമൂല ഒരുക്കൽ<br>പത്ര വായന<br>വായനാകാർഡ് തയ്യാറാക്കൽ.<br>സ്വതന്ത്ര രചന<br>വായനാ ചങ്ങാത്തം.<br>കുട്ടിയും രക്ഷിതാവും ചേർന്ന വായന.<br>പുസ്തക ശേഖരണവും പ്രദർശനവും.<br>വായനാ കളരി.<br>പുസ്തക പരിചയം.<br>വായനോത്സവം. | ജൂൺ | ക്ലാസ് ടീച്ചർ<br>SRG | |
| ലേഖനം | ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.<br>സംയുക്ത ഡയറി എഴുത്ത്<br>സാങ്കൽപിക ഡയറി എഴുതുന്നു.<br>ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തുന്നു.<br>ചിത്രത്തിൽ നിന്ന് കഥ ഉണ്ടാക്കുന്നു.<br>സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു. | ജൂലൈ | | |

| | | | | |
|---|---|---|---|---|
| | കൗതുകമുള്ള ഡയറിക്കുറിപ്പുകൾ പങ്കുവയ്ക്കൽ. വായനാക്കുറിപ്പ് തയ്യാറാക്കൽ. സർഗ്ഗശേഷികളുടെ പ്രദർശനം. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ SRG | |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പൂന്തോട്ടം, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം - സന്ദർശനം. പ്രകൃതി നടത്തം. | | | |
| ശാസ്ത്രാവബോധം വളർത്തുക. | ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു. | | | |
| ശുചിത്വബോധം വളർത്തുക. | പോസ്റ്റർ രചനാമത്സരം നടത്തുന്നു. വീഡിയോ പ്രദർശിപ്പിക്കുന്നു. | | | |
| ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ. | ഇംഗ്ലീഷ് ബാലസഭ രൂപീകരിക്കുന്നു. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | | | |
| ഗണിതചിന്താശേഷി വളർത്തൽ. | കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടുന്നു. | | | |

| | | | | |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ. | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ.<br>ഏണിയും പാമ്പും ഡയസ് കളി.<br>ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ. | | | |
| ഗണിത കിറ്റ് | ഗണിതപഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. | | | |
| ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ്. | ലഘു പതിപ്പുകൾ തയ്യാറാക്കുന്നു.<br>കഥ, കവിത-രചനകൾക്കുള്ള അവസരം ഒരുക്കുന്നു. | | അധ്യാപകർ | |
| വായനാശേഷി വളർത്തൽ. | ആസ്വാദനകുറിപ്പ് തയ്യാറാക്കൽ, പത്ര വായനക്ക് അവസരമൊരുക്കൽ. | ജൂൺ മുതൽ മാർച്ച് വരെ. | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനുള്ള ശേഷി വളർത്തുക. | ഇംഗ്ലീഷ് അസംബ്ലിയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.<br>ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു.<br>ഇംഗ്ലീഷ് പാഠഭാഗങ്ങളെ സ്കിറ്റ്, സംഭാഷണം തുടങ്ങിയ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മക രചനകൾ ഉൾപ്പെടുത്തി മാസിക/ കൈയ്യെഴുത്ത് പതിപ്പ് തയ്യാറാക്കൽ. | | | |
| ശാസ്ത്രാവബോധം വളർത്തുക. | ലഘു പരീക്ഷണങ്ങളിൽ എല്ലാ കുട്ടികളെയും പങ്കാളികളാക്കുന്നു. പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു. | | | |
| ഗണിതമേള. | പാഠഭാഗവുമായി ബന്ധപ്പെട്ട പസിൽ, പാറ്റേൺ, പ്രശ്നോത്തരി എന്നിവ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു. | | ക്ലാസ് ടീച്ചേഴ്സ് SRG | |
| പൊതു വിജ്ഞാനം വളർത്തുന്നു. | പൊതുവിജ്ഞാനം വളർത്തുന്നതിനായി ബുള്ളറ്റിൻ ബോർഡ് ക്രമീകരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | | |
| | അനുരൂപീകരണ പ്രവർത്തനങ്ങൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. | | | |
| | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ മത്സരങ്ങൾ നടത്തുന്നു. | | | |
| | ക്ലാസ്തല വിലയിരുത്തലുകളിൽ പഠന പിന്നോക്കക്കാർക്ക് കൈത്താങ്ങ് നൽകുന്നു. | | | |

# ഉപസംഹാരം

വിദ്യാഭ്യാസം കൊണ്ടർത്ഥമാക്കുന്നത് വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയാണ്. കുട്ടികൾ മാനസികമായും ശാരീരികമായും ബൗദ്ധികമായും ആത്മീയമായും ഉന്നതിയെ പ്രാപിക്കേണ്ടതുണ്ട്. കുട്ടികളിലുള്ള കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ഓരോ വിദ്യാലയങ്ങളിലും കഴിയണം. അതിന് വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറണം. മികച്ച വിദ്യാർത്ഥികളും പരിചയസമ്പത്തും വൈദഗ്ദ്ധ്യം നേടിയവരുമായ അധ്യാപകർ, കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ വിഭവങ്ങൾ എന്നിവ ഉൾക്കൊള്ളുമ്പോഴാണ് അക്കാദമിക മികവ് ഉണ്ടാകുന്നത്.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും സാമൂഹികബന്ധം മികച്ചതാക്കിയും അധ്യാപക-വിദ്യാർത്ഥി-രക്ഷാകർതൃബന്ധം ഊഷ്മളമാക്കി സ്ഥാപനത്തിന്റെ വൈകാരികമേഖല മെച്ചപ്പെടുത്തിയും നമ്മുടെ വിദ്യാർത്ഥികളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കാൻ കഴിയും. ഇതിനായി വ്യക്തമായ ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും ഉണ്ടാകണം. അങ്ങനെ നമ്മുടെ സ്കൂൾ എല്ലാ അർത്ഥത്തിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂളായിത്തീരാൻ നമുക്ക് ഒറ്റക്കെട്ടായി പരിശ്രമിക്കാം.